LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യക്ഷേമ പദ്ധതികൾ

316 (1690) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തിൽ നടപ്പിലാക്കിവരുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ എന്തെല്ലാം ;

(ബി) ഓരോ പദ്ധതിയുടേയും ഗുണഭോക്താക്കൾ എത്ര ;

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ ചെലവാക്കിയ തുക എത്രയാണ് ;

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രയോജനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സാമൂഹ്യനീതിവകുപ്പുവഴി നടപ്പിലാക്കിവരുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു :

സാമൂഹ്യനീതിവകുപ്പ് ഡയറക്ടറേറ്റ് :

1. വികലാംഗർക്കുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരമുയർത്തൽ.

2. വൈകല്യം മുൻകൂർ കണ്ടെത്തുന്നതിനും, തടയുന്നതിനും വൈകല്യ ബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമായുള്ള സംസ്ഥാന സംരംഭം.

3. അഗതികൾക്കുള്ള എന്റെ കൂട് പദ്ധതി.

4. ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃത സേവനം.

5. കൗമാരക്കാരായ പെൺകുട്ടികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുക അവർക്ക് തൊഴിൽ പരിശീലനം നൽകുക എന്നിവയ്ക്കായുള്ള കിശോരി ശക്തി യോജന പദ്ധതി.

6. കുട്ടികൾക്ക് വേണ്ടിയുള്ള പോഷകാഹാര പദ്ധതി ഉൾപ്പെടെ അംഗൻ വാടികളിൽ കൂടിയുള്ള സേവന പദ്ധതികൾ.

7. കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യമനഃശാസ്ത്ര സേവനം.

8. ജുവനൈൽ ജസ്റ്റിസ് ആക്ട് നടപ്പിലാക്കുക, കുട്ടികൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ, സംരക്ഷണ ഭവനങ്ങൾ, ദത്തെടുക്കൽ എന്നിവ ലക്ഷ്യമാക്കിയുള്ള സമഗ്ര ശിശു സംരക്ഷണ പദ്ധതി.

9. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി.

10. വനിതാ വികസന പദ്ധതി പ്രകാരം സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിരോധന നിയമം, സ്ത്രീകളുടെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു.

11. ജെൻഡർ പാർക്ക് - സ്ത്രീകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ആരംഭിക്കുന്നതാണ്.

12. ജെൻഡർ അഡ്വൈസറി ബോർഡ്

13. IGMSY പദ്ധതി പ്രകാരം നിർദ്ധനരായ സ്ത്രീകൾക്ക് ഗർഭധാരണം മുതൽ പ്രസവം വരെയുള്ള കാലഘട്ടത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി.

14. ആഫ്റ്റർ കെയർ പ്രോഗ്രാമിനുള്ള സഹായം.

15. പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി പുതിയ സാമൂഹ്യസുരക്ഷിതത്വ സംരംഭങ്ങൾ.

<u>കേരള സാമൂഹ്യ സുരക്ഷാ മിഷൻ :</u>

1. ആശ്വാസകിരണം പദ്ധതി.
2. സ്നേഹസ്പർശം പദ്ധതി.
3. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പാക്കേജ്.
4. താലോലം പദ്ധതി.
5. ക്യാൻസർ പദ്ധതി.
6. വയോമിത്രം പദ്ധതി.
7. വിശപ്പുരഹിത നഗരം പദ്ധതി.
8. ശ്രുതിതരംഗം പദ്ധതി.
9. സ്നേഹപൂർവ്വം പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

10. വൈകല്യനിർണ്ണയ സർട്ടിഫിക്കേഷൻ ക്യാമ്പ്.

11. സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിൽ കെയർ പ്രൊവൈഡർമാരെ നിയോഗിക്കുന്ന പദ്ധതി.

12. സമാശ്വാസം പദ്ധതി.

13. പ്രത്യാശ വിവാഹ ധനസഹായ പദ്ധതി.

(ബി&സി)

1. <u>സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് :</u>

പദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
(1)	(2)	(3)
ഗാർഹിക പീഡനത്തിനിരയായ വനിതകൾക്കുള്ള ധനസഹായം	1160000	സാമൂഹ്യനീതി ഡയറക്ടറേറ്റ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾക്ക് പ്രത്യേകം ഗുണഭോക്താക്കളെ നിശ്ചയിച്ചിട്ടില്ല. ഓരോ പദ്ധതിക്കും ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ നൽകിവരുന്നത്. ICDS പദ്ധതി ഗുണഭോക്താക്കളുടെ എണ്ണം ഓരോ മാസത്തിലും വ്യത്യാസമാണ്. സ്ഥാപന അന്തേവാസികളുടെ എണ്ണവും ദിനം പ്രതി വ്യത്യാസപ്പെടുത്തുന്നതിനാൽ കൃത്യമായ എണ്ണം ലഭ്യമാക്കാൻ നിർവ്വാഹമില്ല.
ജയിൽ തടവുകാരുടെ കുട്ടികൾക്കായുള്ള വിദ്യാഭ്യാസ ധനസഹായം	4980000	
വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം(BPL)	18770000	
തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരമുയർത്തൽ	9.4 ലക്ഷം	
വൈകല്യ ബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനഃരധിവാസത്തിനുമായുള്ള സംരംഭം	2000 ലക്ഷം	
എന്റെ കൂട് പദ്ധതി	990000	
ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃത സേവനം	3323.48 ലക്ഷം	
കുട്ടികൾക്ക് വേണ്ടിയുള്ള പോഷകാഹാര പദ്ധതി	4521.9 ലക്ഷം	
കിശോരി ശക്തി യോജന	182.9 ലക്ഷം	

LIBRARY ARCHIVES Kerala Legislative Assembly

സമഗ്ര ശിശുസംരക്ഷണ പദ്ധതി	937.4 ലക്ഷം
(സബല) കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണം	1619.55 ലക്ഷം
വനിത വികസന പദ്ധതി	999.34 ലക്ഷം
ജെൻഡർ പാർക്ക്	660 ലക്ഷം
ജെൻഡർ അഡ്വൈസറി ബോർഡ്	0.74 ലക്ഷം
IGMSY	934.54 ലക്ഷം
ആഫ്റ്റർ കെയർ പ്രോഗ്രാം	109.88 ലക്ഷം
പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷി തത്വ സംരംഭങ്ങൾ	491.9 ലക്ഷം

കേരള സാമൂഹ്യ സുരക്ഷാമിഷൻ

പദ്ധതി	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച തുക (ലക്ഷത്തിൽ)
ആശ്വാസകിരണം	63544	4645.41
സ്നേഹസ്പർശം	1826	240.27
എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പാക്കേജ്	4773	1140.4
താലോലം പദ്ധതി	9683	782.59
ക്യാൻസർ സുരക്ഷ	4148	700
വയോമിത്രം പദ്ധതി	127876	669.75
വിശപ്പുരഹിത നഗരം പദ്ധതി	1499742	273.41
ശ്രുതിതരംഗം പദ്ധതി	70	634.07
സ്നേഹപൂർവ്വം പദ്ധതി	51773	902.1
വൈകല്യ നിർണ്ണയ സർട്ടിഫിക്കേഷൻ ക്യാമ്പ്	11190	22.37
സാമൂഹ്യക്ഷേമസ്ഥാപനങ്ങളിൽ കെയർ പ്രൊവൈഡർമാരെ നിയോഗിക്കുന്ന പദ്ധതി	74 ക്ഷേമ സ്ഥാപനങ്ങൾ	197.9
സമാശ്വാസം	3045	564.4
പ്രത്യാശ വിവാഹ ധനസഹായ പദ്ധതി	1756	442.02

LIBRARY ARCHIVES Kerala Legislative Assembly

സ്നേഹപൂർവ്വം പദ്ധതിയിൽ 2014-15 അദ്ധ്യയന വർഷം ലഭിച്ച ആകെ അപേക്ഷകളുടെ എണ്ണമാണിത്.

(ഡി) സാമൂഹ്യനീതിവകുപ്പ് ഡയറക്ടറേറ്റ് നടപ്പാക്കുന്ന പദ്ധതികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവലോകനം നടത്തിവരുന്നു. സാമൂഹ്യ സുരക്ഷാമിഷൻമുഖേന നടപ്പിലാക്കുന്ന അൽപ്പാഞ്ഞ പദ്ധതികളെപ്പറ്റി മിഷന്റെ ഉദ്യോഗസ്ഥതലത്തിലും മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗത്തിലും സർക്കാർ തലത്തിലും അവലോകനങ്ങൾ നടത്താറുണ്ട്. ഈ അവലോകന യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ പദ്ധതി നടത്തിപ്പിൽ ബാധകമാക്കാറുണ്ട്.

നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാരം

317 (1691) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് എത്ര നിലത്തെഴുത്ത് കളരികൾ പ്രവർത്തിക്കുന്നു ; അവിടങ്ങളിൽ 3 മുതൽ 6 വയസ്സുവരെപ്രായമുള്ള എത്ര കുട്ടികൾ പഠിക്കുന്നു ; വിശദാംശം നൽകുമോ ;

(ബി) നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാരം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 1034 നിലത്തെഴുത്ത് കളരികൾ പ്രവർത്തിക്കുന്നു. നിലത്തെഴുത്ത് കളരികളിലെ 3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികളുടെ എണ്ണം 12443 ആണ്. അതിന്റെ വിശദ വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

ജില്ല	നിലത്തെഴുത്ത് കളരികളുടെ എണ്ണം	3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ
(1)	(2)	(3)
തിരുവനന്തപുരം	....	....
കൊല്ലം	312	3512
പത്തനംതിട്ട	78	804
ആലപ്പുഴ	436	5762

LIBRARY ARCHIVES Kerala Legislative Assembly